# ക്രിസ്റ്റൽ

ഡിജിറ്റൽ മാഗസിൻ

2023-2024



## സി എം എസ് ഹൈസ്കൂൾ

## മുണ്ടിയപ്പള്ളി



മുണ്ടിയപ്പള്ളി സി. എം എസ് ഹൈ സ്കൂൾ little kites ന്റെ ആഭിമുഖ്യത്തിൽ **ക്രിസ്റ്റൽ** എന്ന ഡിജിറ്റൽ മാസിക തയ്യാറാക്കിയതിൽ അതിയായ സന്തോഷമുണ്ട്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ തയ്യാറാക്കുന്ന ഈ മാഗസിൻ കുട്ടികളുടെ വിവിധ തലങ്ങളിലുള്ള കഴിവുകൾ വികസിപ്പിക്കുവാൻ സാധിക്കട്ടെ. എല്ലാം വിധ ആശംസകളും നേരുന്നു

പ്രിൻസമ്മ ജോസഫ്
സ്കൂൾ ഹെഡ്മിസ്ട്രസ്

2



# എഡിറ്റോറിയൽ

സി എം എസ് ഹൈ സ്കൂൾ മുണ്ടിയപ്പള്ളി 23-24 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ക്രിസ്റ്റൽ എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. വിദ്യാർത്ഥികളുടെ സാഹിത്യ കലാസൃഷ്ടികൾ അടങ്ങിയ ഈ സാഹിത്യ ഉപഹാരം നമ്മുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനും സ്കൂളിനും ഒരു പൊൻതൂവലായി മാറട്ടെ എന്നാശംസിക്കുന്നു

സിനു സൂസൻ തോമസ്
Teacher Editor



## ആശംസകൾ

സാങ്കേതികവിദ്യ അനസ്യൂതം വികാസം പ്രാപിക്കുന്ന ഈ കാലഘട്ടത്തിൽ സി എം എസ് ഹൈ സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ക്രിസ്റ്റൽ എന്ന പേരിലുള്ള ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നത് സ്കൂളിന് അഭിമാനകരമാണ് ഈ ഉദ്യമത്തിന് എല്ലാ വിധ ആശംസകളും നേരുന്നു

ബീന വറുഗീസ്
ലിറ്റിൽ കൈറ്റ്സ് മിസ്ട്രെസ്




പ്രിയസുഹൃത്തുക്കളേ,


LITTLE KITES യൂണിറ്റിൻ്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കപ്പെട്ട ഡിജിറ്റൽ മാഗസിൻ്റെ ഭാഗമാകുവാൻ കഴിഞ്ഞതിൽ ഞാനും ഏറെ സന്തോഷിക്കുന്നു. ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് യുണിറ്റ് ഞങ്ങൾക്ക് വളരെ പ്രധാനമേറിയ ഒന്നാണ്. സാങ്കേതികവിദ്യയെ ക്രിയാത്മകമായും ഉത്തരവാദിത്തത്തോടെയും ഉപയോഗിക്കാനും, അതേസമയം അതിൻ്റെ ദുരുപയോഗത്തിൽ നിന്ന് അകന്നുനിൽക്കാനും ഇത് ഞങ്ങളെ സഹായിച്ചിട്ടുണ്ട്. ഈ മാഗസിനിലെ ഓരോ പേജിലൂടെയും നിങ്ങൾ കടന്നുപോകുമ്പോൾ മനോഹരമായ ലേഖനങ്ങൾ, കഥകൾ, കവിതകൾ, ചിത്രങ്ങൾ തുടങ്ങിയ അനവധി വിസ്മയ കാഴ്ചകൾ നിങ്ങൾക്ക് കാണുവാൻ സാധിക്കും. കൂടാതെ ഞങ്ങളുടെ സ്കൂളിൻ്റെ മികച്ച ആഘോഷങ്ങളിലൂടെയും പ്രോജക്ടുകളിലൂടെയും നിങ്ങൾ സഞ്ചരിക്കും. ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിലൂടെ, "ഇൻഫർമേഷൻസ് ആൻ്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജീസിൻ്റെ" (ഐ.സി.ടി) അത്ഭുതകരമായ ലോകത്തെക്കുറിച്ചും അവ ഞങ്ങളുടെ പഠനാനുഭവങ്ങൾ എങ്ങനെ മെച്ചപ്പെടുത്തുന്നുവെന്നും ഞങ്ങൾക്ക് അറിയുവാൻ സാധിച്ചു. എല്ലാവർഷത്തെയും പോലെ ഈ വർഷവും LITTLE KITES ൻ്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടന്നുവരുന്നു. ഈ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഞാൻ ഹൃദയംഗമായ നന്ദി അറിയിക്കുന്നു. എല്ലാറ്റിനുമുപരിയായി, ഈ യാത്രയിലുടനീളം നമ്മെ സഹായിച്ച സർവ്വ കൃപാലുവായ ദൈവത്തിൻ്റെ അനുഗ്രഹങ്ങൾക്കും മാർഗനിർദേശങ്ങൾക്കും അവിടുന്ന് നന്ദി അർപ്പിക്കുന്നു.

Riya Thomas
Student Editor



സി.എം.എസ്.ഹൈസ്കൂൾ
മുണ്ടിയപ്പള്ളി
SSLC 2023
Full A+ നേടിയവർ
Ashish Benjamin Sam
Ben Cristy Raj
Deepu Pradeep
Sephin Saji
Steve Jacob Shibu
Jiksa T. Sabu
Kezia Mathew
MIZHI M
Neha Shaji
അഭിനന്ദങ്ങൾ
100% വിജയം നേടി നമ്മുടെ
വിദ്യാർത്ഥികൾ
9 A+ നേടിയവർ 2 പേർ
8 A+ നേടിയവർ 2 പേർ

# അഭിനന്ദനങ്ങൾ


Reyna Achu Roy
Straw and card board product
A Grade


Dane B George
Umbrella making
A Grade


ആദർശ് സി.എ
Coconut Shell product
A Grade


Jibin G Benny
Plaster of paris
A Grade

# വിരമിക്കുന്നവർ



**ജെസ്സി എലിസബത്ത് സി ഇട്ടി**
**എച്ച് എസ് ടി**

**ജെസ്സി വർഗ്ഗീസ്**
**യു പി എസ് ടി**






C.M.S. HIGH SCHOOL MUNDIAPPALLY STAFF 2023-2024

# ലീഡേഴ്സ് 2022-2025





Liviya
AnnaVarkey

Dane B George

# സ്കൂൾ റിപ്പോർട്ട്

കാലത്തിൻ്റെ പ്രയാണത്തിൽ ഒരു അധ്യയനവർഷം കൂടി പിന്നിടുന്നു. അജ്ഞാനത്തിന്റെ ഇരുളടഞ്ഞ – ഏടുകളിൽ കളിൽ വിജ്ഞാനത്തിൻ്റെ വെളി – ച്ചവുമായി കടന്നുവന്ന മിഷണറിവര്യന്മാരെ സ്മരിച്ചു– കൊണ്ടും കഴിഞ്ഞ ഒരു വർഷം അതിശയകരമായി വഴി നടത്തിയ ദൈവത്തിന് നന്ദി അർപ്പിച്ചുകൊണ്ടും 2023 – 24 അധ്യയനവർഷത്തെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുന്നു.

## പ്രവേശനോത്സവം.

2022–23 അധ്യയനവർഷത്തെ പ്രവേശനോത്സവം 2023 ജൂൺ മാസം 1–ാം തീയതി നട ക്കുകയുണ്ടായി. ഗവൺമെൻറ് നിർദ്ദേശമനുസരിച്ചുള്ള പ്രവേശനോത്സവയോഗത്തിൽ പി.ടി വൈസ് പ്രസിഡൻ്റ് ശ്രീമതി. സുജി അനിഷ് അദ്ധ്യക്ഷത വഹിക്കുകയും സ്കൂൾ ലോക്കൽ കറസ്പോണ്ടന്റ് റവ. ജോൺസൺ അലക്സാണ്ടർ അച്ചൻ അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. സ്കൂളിൽ എത്തിച്ചേർന്ന എല്ലാ കുട്ടിക്കൾക്കും മധുരം നല്കി .പുതുതായി എത്തിചേർന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നല്കി സ്കൂളിലേക്ക് സ്വീകരിക്കുകയും ചെയ്തു.

## കുട്ടികൾ

എൽ.കെ.ജി മുതൽ 10 ക്ലാസ്സ് വരെ 510 കുട്ടികൾ പഠനം നടത്തിവരുന്നു.120 കുട്ടികൾ പുതുതായി ഈ വർഷം പ്രവേശനം നേടി.
സ്റ്റാഫ്

പ്രഥമാധ്യാപികയും ഒരു protected teachers ഉൾപ്പെടെ 22 അധ്യാപകരും 4 അനധ്യാപകരും പ്രവർത്തിക്കുന്നു.

ഗണിതശാസ്ത്ര അധ്യാപികയായിരുന്ന ശ്രീമതി. ആനിയമ്മ ചെറിയാൻ വിരമിച്ച ഒഴിവിൽ ശീമതി. എലിസബേത്ത് ജസ്സി.സി ഇട്ടിയും യു.പി വിഭാഗം അധ്യാപകയായി സൂസൻ സ്കറിയക്ക് പ്രമോഷൻ ലഭിച്ചപ്പോൾ ഉണ്ടായ ഒഴിവിൽ ശ്രീമതി പ്രിൻസി വർഗീസും നിയമിക്കപ്പെടുക യുണ്ടായി.

## എസ്. എസ്.എൽ.സി. ഫലം

2023 എസ്. എസ്. എൽ സി. പരീക്ഷയിൽ Full A+ ഉൾപ്പെടെ 100% 2023ൽ വിജയം കൈവരിക്കാൻ കഴിഞ്ഞു 61 കുട്ടികൾ ആണ് എസ് എസ്. എൽ.സി പരീക്ഷ എഴുതിയത്. Full A+ നേടിയ ആശിഷ് ബഞ്ചമിൻ,ബെൻ ക്രിസ്റ്റി രാജ്, ദീപു പ്രദീപ്, സെഫിൻ സജി സ്റ്റീവ് ജേക്കബ് ഷിബു, കെസിയ മാത്യു, മിഴി എം, നേഹാ ഷാജി, ജിക്സ. T. സാബു എന്നിവരെ പ്രത്യേകം അനുമോദിക്കുന്നു എസ് എസ് എൻ. സി. പരീക്ഷ യിൽ ഉന്നതവിജയം കരസ്ഥമാക്കിയവരെ അനുമോദിക്കുന്നതിനായി പ്രത്യേക സമ്മേളനം നടത്തുകയും Full A+ കരസ്ഥമാക്കിയവർക്ക് മൊമൻ്റോ നല്കി അനുമോദിക്കുകയും ചെയ്തും പ്രസ്തുത സമ്മേളനത്തിൽ കവിയൂർ പഞ്ചായത്ത് പ്രസിഡൻ്റ് ശ്രീ) എം.ഡി
ദിനേശ് കുമാർ, സ്കൂൾ കറസ്പോണ്ടൻ്റ്

റവ ജോൺസൺ അലക്സാണ്ടർ അച്ചൻ, കവിയൂർ ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി റേച്ചൽ വി മാത്യു പി.ടി. എ. വൈസ്പ്രസിഡന്റ് ശ്രീമതി സുജി അനിഷ് തുടങ്ങിയവർ സന്നിഹിതരായിരുന്നു .

**യാത്രയയപ്പ് സമ്മേളനം**

2023 ജനുവരി മാസം 31 തീയതി ചേർന്ന വാർഷിക സമ്മേളനത്തോടനുബന്ധിച്ച് പ്രസ്തുതവർഷം സജീവ സേവനത്തിൽ നിന്നും വിരമിക്കുന്ന ശ്രീമതി ആനിയമ്മ ചെറിയാന് യാത്ര യയപ്പ് നല്കുകയുണ്ടായി. പ്രസ്തുത സമ്മേളന – ത്തിന്റെ ഉദ്ഘാടനവും ഫോട്ടോ അനാച്ഛാദനവും റൈറ്റ് റവ. തോമസ് സാമുവേൽ ബിഷപ്പ് നിർവ്വഹിച്ചു റവ. സാംജി. കെ. സാം, ശ്രീമതി റേച്ചൽ വി മാത്യു കവിയൂർ പഞ്ചായത്ത് വിദ്യാഭ്യാസ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ ശ്രീമതി ലിൻസി മോൻസി (വാർഡ് മെമ്പർ) ശ്രീ റ്റി റ്റി കെ. ചെറിയാൻ (PTA പ്രസിഡന്റ് ) . ശ്രീ സി. ജേക്കബ് (മാനേജ്മെന്റ് പ്രതിനിധി) എന്നിവർ സന്നിഹിതരായിരുന്നു

**പ്രത്യേക പരിശീലനം**

സ്കൂൾ വർഷാരംഭം മുതൽ തന്നെ പത്താം ക്ലാസ്സിലെ കുട്ടികൾക്ക് രാവിലെ 8:45 മുതലും വൈകിട്ട് 4:15 വരെയും പ്രത്യേക ക്ലാസ്സുകൾ ക്രമീകരിക്കുകയുണ്ടായി.ജനുവരി മാസം മുതൽ രാവിലെ 8:30 മുതലും വൈകുന്നേരം 5 മണി വരെയുമാണ് ക്ലാസ്സുകൾ ക്രമീകരിച്ചത്. ശനിയാഴ്ചകളിലും ക്ലാസ്സുകൾ നടത്തിവരുന്നു. അധ്യാപകരുടെ നേതൃത്വത്തിൽ യൂണിറ്റ് ടെസ്റ്റുകളും പ്രത്യേക പരീക്ഷാ പരിശീലനങ്ങളും നടന്നുവരുന്നു. 9 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി Remedial teaching നടക്കുന്നു. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളെ അത്തരത്തിലും സഹായിക്കുന്നു.

**പി.ടി.എ**

സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സജീവമായ ഒരു PTAയും MPTAയും ഉണ്ട്. സ്കൂൾ പി.ടി.എ മീറ്റിംഗുകളും ക്ലാസ്സ് പി.ടി.എ മീറ്റിംഗുകളും ക്രമീകൃതമായി നടത്തുന്നു.
പി.ടി.എ പ്രസിഡന്റ് – ശ്രീ. സുനിൽ കുമാർ
വൈസ് പ്രസിഡന്റ് – ശ്രീമതി. സുജി അനീഷ്
എം.പി.ടി.എ പ്രസിഡന്റ് – ശ്രീമതി. മറിയാമ്മ ജോൺ.
സ്കൂളിന്റെ നേതൃത്വങ്ങൾക്ക് പി.ടി.എ നൽകുന്ന സഹായസഹകരണങ്ങൾക്ക് നന്ദി അറിയിക്കുന്നു.

**സ്കൂൾ ലൈബ്രറി**

ചേച്ചാക്കുന്നിൽ ശ്രീ. സി.എ ജോർജ് സ്മാരക ലൈബ്രറി എന്ന പേരിൽ അറിയപ്പെടുന്ന മനോഹരമായ ഒരു ലൈബ്രറി സ്കൂളിനുണ്ട്. കുട്ടികളെ വായനയുടെ വിശാലമായ ലോകത്തേക്ക് നയിക്കുന്നതിൽ ലൈബ്രറിക്ക് വലിയ പങ്കാണുള്ളത്. ശ്രീമതി അനുമോൾ പി. മാത്യു ലൈബ്രറിയനായി പ്രവർത്തിക്കുന്നു.

**സ്കൂൾ ക്വയർ**

ഗാനങ്ങൾ ആലപിക്കുന്നതിന് മനോഹരമായ ഒരു ക്വയർ സ്കൂളിനുണ്ട്. രാവിലെയുള്ള സ്കൂൾ പ്രയറിനും പ്രധാന യോഗങ്ങൾക്കും ക്വയറിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു.

**പ്രീ. പ്രൈമറി**

എൽ.കെ.ജി , യു.കെ.ജി വിഭാഗങ്ങളിലായി കുട്ടികൾ പ്രീ പ്രൈമറിയിൽ പഠനം നടത്തുന്നു. പഠനത്തിലൂടെയും കളികളിലൂടെയും വിദ്യാഭ്യാസത്തിന്റെ ലോകത്തിലേക്ക് കുട്ടികളെ കൈപിടിച്ച് നടത്തുന്നതിൽ പ്രീ. പ്രൈമറിയ്ക്ക് വലിയ പങ്കാണുള്ളത്. കഴിഞ്ഞവർഷം യു.കെ.ജി കുട്ടികളുടെ "ഗ്രാജ്വേഷൻ ഡേ" നടത്താൻ സാധിച്ചു.

**ഉച്ചഭക്ഷണം**

ഗവൺമെന്റ് നിർദ്ദേശിക്കും പ്രകാരം നമ്മുടെ സ്കൂളിൽ ഉച്ചഭക്ഷണം നൽകി വരുന്നു. ശ്രീമതി. ജാൻസി ചാക്കോ, ശ്രീമതി. സീനാ റ്റി. മാത്യു എന്നിവർ കൺവീനർമാരായും, ശ്രീമതി. വത്സല മോഹൻ കുക്ക് ആയും പ്രവർത്തിച്ചുവരുന്നു.

## ദിനാഘോഷങ്ങൾ

പ്രധാന ആഘോഷങ്ങൾ കൂടാതെ വിദ്യാഭ്യാസ കലണ്ടർ അനുസരിച്ചുള്ള ദിനങ്ങളും ആഘോഷിക്കുന്നു. പ്രവേശനോത്സവം, പരിസ്ഥിതി ദിനം, വായനാവാരം, പ്ലാസ്റ്റിക് ദിനം, ബഷീർ ദിനം, സ്വാതന്ത്ര്യദിനം, ഹിരോഷിമ നാഗസാക്കി ദിനങ്ങൾ, ഗാന്ധിജയന്തി, ശിശുദിനം, കേരളപ്പിറവി ദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ എല്ലാ ദിനങ്ങളും ആചരിക്കുന്നു. കൂടാതെ
ഓണം, ക്രിസ്മസ്, പുതുവത്സരം തുടങ്ങിയവയും ആഘോഷിക്കുകയുണ്ടായി.
ഓരോ ദിനാചരണത്തിനും പ്രത്യേക അസംബ്ലി കൂടുകയും അതത് ദിവസത്തിൻ്റെ പ്രാധാന്യത്തെക്കുറിച്ച്
കുട്ടികൾക്ക് അവബോധം നൽകുകയും ചെയ്യുന്നു.
വായനാവാരത്തോടനുബന്ധിച്ച് വായന ചങ്ങല ക്രമീകരിച്ചു.
ഓണാഘോഷത്തോടനുബന്ധിച്ച് "രുചിപ്പെരുമ" എന്ന പേരിൽ ഒരു പാചക മത്സരം ക്രമീകരിക്കുകയുണ്ടായി.

## വിവിധ ക്ലബ്ബുകൾ

കുട്ടികളുടെ പാഠ്യ- പാഠ്യേതര കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

വിദ്യാരംഗം കലാസാഹിത്യവേദി

കുട്ടികളുടെ കലാപരവും സാഹിത്യപരവുമായ സർഗ്ഗവാസനങ്ങളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. വായന വാരത്തോടനുബന്ധിച്ച് വായന ചങ്ങല എന്ന പേരിൽ ഒരു പ്രോഗ്രാം ക്രമീകരിക്കുകയുണ്ടായി. രാവിലെ 6 മണിമുതൽ രാത്രി 12 മണി വരെ തുടരുന്നതായിരുന്നു വായനച്ചങ്ങല. സമൂഹത്തിന്റെ വിവിധ തുറമുഖങ്ങളിൽ ഉള്ളവരെ ഉൾപ്പെടുത്തി ഏകദേശം രണ്ടാഴ്ച വായനച്ചങ്ങല ക്രമീകരിക്കുവാൻ സാധിച്ചു. ഉപജില്ലാ സാഹിത്യ സെമിനാർ, ശില്പശാലകൾ, വാങ്മയം ഭാഷാ പ്രതിഭാനിർണയം, ഓൺലൈൻ ഓണാഘോഷം, സർഗോത്സവം, എന്നിവയിലെല്ലാം കുട്ടികളെ പങ്കെടുപ്പിച്ചു.വിവിധ മത്സരങ്ങൾക്ക് കുട്ടികൾ സമ്മാനാർഹരാവുകയും ചെയ്തു. ശ്രീമതി. ബിന്ദു സൂസൻ ജോർജ്, ശ്രീമതി. ഡോളി ഇ.എം എന്നിവർ കൺവീനർമാരായി പ്രവർത്തിക്കുന്നു.

## ഗണിതശാസ്ത്ര ക്ലബ്ബ്

2023 – 24 അധ്യായനവർഷത്തിൽ ഗണിതശാസ്ത്ര ക്ലബ് ഭംഗിയായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത വർഷം
എൽ.പി,യു.പി,എച്ച്.എസ് വിഭാഗത്തിലെ കുട്ടികൾ സബ്ജില്ലാ, ജില്ലാതല മേളകളിൽ പങ്കെടുത്ത് സമ്മാനാർഹരായി. സബ്ജില്ലാ ഗണിതശാസ്ത്രമേളയിൽ ഓവറോൾ രണ്ടാം സ്ഥാനം നേടുകയുണ്ടായി. ക്ലബ്ബിലെ കുട്ടികളുടെ നേതൃത്വത്തിൽ ഒരു ഗണിത മാഗസിൻ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ശ്രീമതി. ബീനാ വർഗീസ് കൺവീനറായി പ്രവർത്തിക്കുന്നു.

## സോഷ്യൽ സയൻസ് ക്ലബ്ബ്

ജൂൺ മാസത്തിൽ തന്നെ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ക്ലബ്ബിൻറെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം എന്നിവ സമുചിതമായി ആഘോഷിച്ചു. സോഷ്യൽ സയൻസ് മേളയിൽ കുട്ടികൾ വിവിധ മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. സാമൂഹ്യബോധം, മൂല്യബോധം, നല്ല ശീലങ്ങൾ എന്നിവ വളർത്തിയെടുക്കാൻ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ പ്രവർത്തനത്തിലൂടെ കഴിയുന്നു. ശ്രീമതി. ജൂലി ജേക്കബ് കൺവീനറായി പ്രവർത്തിക്കുന്നു.

## പ്രവർത്തി പരിചയ ക്ലബ്ബ്

പ്രവർത്തി പരിചയ ക്ലബ്ബിന് ഈ വർഷവും മികവാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുവാൻ സാധിച്ചു. LP, UP, HS വിഭാഗങ്ങളിലായി സ്കൂൾതല പ്രവർത്തി പരിചയ മേള നടത്തി. ഉപജില്ല പ്രവർത്തി പരിചയ മേളയിൽ UP, HS വിഭാഗത്തിൽ ഓവറോളും LP വിഭാഗത്തിൽ 5ാം സ്ഥാനവും നേടി Best School ആയി തിരഞ്ഞെടുക്കപ്പെട്ടു. ജില്ലാ പ്രവർത്തി പരിചയമേളയിൽ 16 കുട്ടികൾ പങ്കെടുക്കുകയും 4 കുട്ടികൾ സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാൻ അർഹത നേടുകയും ചെയ്തു. സംസ്ഥാന മത്സരത്തിൽ പങ്കെടുത്ത Dane B. George, Adarsh C.A, Reyna Achu Roy, Jibin G. Benny എന്നിവർ 'A' ഗ്രേഡ് കരസ്ഥമാക്കി. എല്ലാവരേയും പ്രത്യേകമായി അനുമോദിക്കുന്നു. ശ്രീമതി. ആനി എം. ജോസഫ്, ശ്രീമതി. എൽസി ജേക്കബ്, ശ്രീമതി. സീന ടി. മാത്യു എന്നിവർ കൺവീനർമാരായി പ്രവർത്തിക്കുന്നു.

## ലിറ്റിൽ കൈറ്റ്സ്

ഐ.ടി മേഖലയിലെ നൂതന സാങ്കേതിക വിദ്യകളുടെ പരിശീലനവുമായി ബന്ധപ്പെട്ട് "ലിറ്റിൽ കൈറ്റ്സ്" എന്ന ഒരു ക്ലബ്ബ് സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. 8, 9, 10
ക്ലാസ്സുകളിലെ കുട്ടികൾ ഈ ക്ലബ്ബിൽ പരിശീലനം നടത്തുന്നു. ആനിമേഷൻ റോബോട്ടിക്സ്, പ്രോഗ്രാമിംഗ് എന്നീ മേഖലകളിൽ തങ്ങളുടെ കഴിവ് വളർത്തിയെടുക്കാൻ
സാധിക്കുന്നു. സബ്ജില്ലാ, ജില്ലാ ഐ.ടി മേളകളിലും, ക്യാമ്പുകളിലും കുട്ടികൾ പങ്കെടുത്ത് മികച്ച വിജയം കരസ്ഥമാക്കുകയുണ്ടായി.
ജില്ലാ ക്യാമ്പിലേക്ക് ആനിമേഷൻ വിഭാഗത്തിൽ "റെയ്ന അച്ചു റോയ്" തിരഞ്ഞെടുക്കപ്പെട്ടു. കൈറ്റ്സ് മിസ്സുമാരായി ശ്രീമതി. സിന്ദു സൂസൻ തോമസ്, ശ്രീമതി. ബീന വർഗ്ഗീസ് എന്നിവർ പ്രവർത്തിക്കുന്നു.

## സയൻസ് ക്ലബ്ബ്

ജൂൺ മാസം മുതൽ തന്നെ സയൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കാൻ ആവശ്യമായ പ്രവർത്തനങ്ങളാണ് സയൻസ് ക്ലബ്ബിൻ്റെ നേതൃത്വത്തിൽ നടത്തി വരുന്നത്. ആദ്യ ടേമിൽ തന്നെ സ്കൂൾതല മേള സംഘടിപ്പിച്ചു. സബ്ജില്ല ശാസ്ത്രമേളയിൽ 4ാം സ്ഥാനം നമ്മുടെ സ്കൂളിന് ലഭിക്കുകയുണ്ടായി. "നക്ഷത്ര കൂടാരത്തിലെ വിസ്മയ കാഴ്ചകൾ" എന്ന പേരിൽ
"പ്ലാനിറ്റോറിയം ഷോ" സംഘടിപ്പിക്കാൻ സാധിച്ചു. വളരെ രസകരവും വിജ്ഞാനപ്രദവുമായ ഒരു പ്രവർത്തനമായിരുന്നു ഇത്. ശ്രീമതി. ജെസ്സി കെ. സി കൺവീനറായി പ്രവർത്തിക്കുന്നു.

## സംസ്കൃത ക്ലബ്ബ്

6 കുട്ടികൾക്ക് സംസ്കൃത സ്കോളർഷിപ്പ് ലഭിച്ചു.

## ഇംഗ്ലീഷ് ക്ലബ്ബ്

ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളും ജൂൺ മാസം മുതൽ ആരംഭിക്കുകയുണ്ടായി.
Effects of Media
എന്ന വിഷയത്തെ Base ചെയ്ത് English Skit തയ്യാറാക്കുകയും കുട്ടികൾ സബ്ജില്ലാ യുവജനോത്സവത്തിൽ അത് അവതരിപ്പിക്കുകയും "A" ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തു.
English Innovative Project ആയ Blissful Blooms ൻ്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷയെ പേടിയില്ലാതെ അനായാസേന കൈകാര്യം ചെയ്യുക
എന്ന ലക്ഷ്യത്തോടെ English Grammar Working Model Exhibition-ഉം English Film Festival-ഉം നടത്തപ്പെട്ടു.

പ്രശസ്ത സിനിമ സംവിധായകൻ film festival ഉദ്ഘാടനം ചെയ്തു. Capital theatre, എന്ന പേരിലുള്ള സിനിമ ടാക്കീസിന്റെ പ്രവർത്തനവും ഉണ്ടായിരുന്നു. ഡിഇഒ ഇൻ ചാർജ് ശ്രീ ജേക്കബ് സത്യൻ മുഖ്യപ്രഭാഷണം നടത്തി. ശ്രീമതി. റോബി തോപ്പിൽ ശ്രീമതി. എൽസി ജേക്കബ് എന്നിവർ കൺവീനർസ് ആയി പ്രവർത്തിച്ചു.

## ഹിന്ദി ക്ലബ്

ജൂൺ മാസം മുതൽ തന്നെ പ്രവർത്തനമാരംഭിച്ചു. സെപ്റ്റംബർ 14 ഹിന്ദി ദിനമായി ആചരിക്കുകയും ഹിന്ദിയിൽ അസംബ്ലി ക്രമീകരിക്കുകയും ചെയ്തു. വിവിധ മത്സരങ്ങൾ നടത്തി. എൽ പി വിഭാഗം കുഞ്ഞുങ്ങൾക്കും ഹിന്ദി അക്ഷരങ്ങൾ പരിചയപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. ശ്രീമതി ജാൻസി ചാക്കോ ശ്രീമതി അനുമോൾ പി മാത്യു എന്നിവർ കൺവീനർസ് ആയി പ്രവർത്തിക്കുന്നു.

## ജൂനിയർ റെഡ് ക്രോസ് (JRC)

ഈ അധ്യയന വർഷവും ജൂനിയർ റെഡ് ക്രോസ് യൂണിറ്റിന്റെ പ്രവർത്തനം സുഗമമായി നടന്നു വരുന്നു. A level, B level, C level എന്നീ വിഭാഗങ്ങളിലായി 57 JRC cadets നിലവിലുണ്ട്. സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾക്ക് JRC cadets നല്ല നേതൃത്വം നൽകിവരുന്നു. സേവനമനുഭാവത്തോടെ പ്രവർത്തിക്കുന്ന നല്ലൊരു വിഭാഗം കുട്ടികളെ വാർത്തെടുക്കുവാൻ ഈ സംഘടനയ്ക്ക് കഴിയുന്നു. ജൂലി ജേക്കബ് JRC കൗൺസിലർ ആയി പ്രവർത്തിക്കുന്നു.

## എൻ.സി.സി.(NCC)

15 Kerala Batalian Tiruvalla യുടെ നേതൃത്വത്തിൽ NCC യൂണിറ്റ് ഇവിടെ പ്രവർത്തനം നടത്തുന്നു. ആദ്യവർഷം എന്ന നിലയിൽ 25 cadets ക്യാമ്പിൽ പങ്കെടുക്കുന്നു.ശ്രീമതി റോബി കെ തോപ്പിൽ caretaker ആയും ശ്രീ അനൂപ് എസ് ട്രെയിനർ ആയും പ്രവർത്തിക്കുന്നു.

## കലോത്സവം

സ്കൂൾ കലോത്സവം സെപ്റ്റംബർ 15 16 തീയതികളിൽ നടത്തപ്പെട്ടു. സബ്ജില്ലാ യുവജനോത്സവത്തിൽ യുപി ഹൈസ്കൂൾ വിഭാഗങ്ങൾ ഓവറോൾ മൂന്നാം സ്ഥാനം നേടുകയുണ്ടായി. പരിചയമുട്ട്, കാർട്ടൂൺ ഓടക്കുഴൽ പ്രസംഗം തമിഴ് ദേശഭക്തിഗാനം എന്നീ ഇനങ്ങൾ ഫസ്റ്റ് A ഗ്രേഡോടെ ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അർഹത നേടി. ശ്രീമതി പ്രിൻസി വർഗ്ഗീസ് ശ്രീമതി ജാൻസി ചാക്കോ എന്നിവർ കൺവീനർസായി പ്രവർത്തിച്ചു.

## സ്പോർട്സ് ക്ലബ്

അധ്യയന വർഷാരംഭത്തിൽ തന്നെ പ്രവർത്തനമാരംഭിച്ചു. വിവിധ കായിക ഇനങ്ങ ളുടെ കോച്ചിംഗ് സ്കൂളിൽ നടന്നു വരുന്നുണ്ട്. സെപ്റ്റംബർ മാസത്തിൽ സ്കൂൾ തല കായികമേള നടക്കുകയുണ്ടായി. കുട്ടികൾക്കും സബ്ജൂനിയർ വിഭാഗത്തിൽ നാല് കുട്ടികൾക്കും ഇടം ലഭിച്ചു. ജീഷ്ണ പി ഷാജി, ഷിബി സി ആർ എന്നീ കുട്ടികൾക്ക് സംസ്ഥാന തലം വരെ ഹാൻഡ് ബോളിൽ മത്സരിക്കാൻ അവസരം ലഭിച്ചു. കൂടാതെ സബ്ജില്ലാ കായിക മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും ചെയ്തു.കരസ്ഥമാക്കുകയും ചെയ്തു. ശ്രീമതി മേഴ്സി കൺവീനറായി പ്രവർത്തിക്കുന്നു.

## ക്രിസ്ത്യൻ അസോസിയേഷൻ

കുട്ടികളെ മൂല്യബോധമുള്ളവരാക്കി വളർത്തുക ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നു. ക്രിസ്ത്യൻ അസോസിയേഷൻറെ നേതൃത്വത്തിൽ ക്രിസ്മസ് കരോൾ നടത്തപ്പെട്ടു. റവ. ജോൺസൺ അലക്സാണ്ടർ മുഖ്യ സന്ദേശം നല്കി പങ്കെടുത്ത എല്ലാവർക്കും കേക്ക് സ്പോൺസർ ചെയ്തത് കുളങ്ങര സാറാമ്മ ചാണ്ടി കൊച്ചമ്മയാണ്. ശ്രീമതി എലിസബേത്ത് ജസി . സി. ഇട്ടി കൺവീനറായി പ്രവർത്തിക്കുന്നു.

## പരിസ്ഥിതി ക്ലബ്ബ്

**സ്കൂളിൻ്റെ പരിസ്ഥിതി മനോഹരമായി സൂക്ഷിക്കുകയും പ്രകൃതി സൗഹൃദ വിദ്യാലയമായി സ്കൂളിനെ നിലനിർത്തുകയും ചെയ്യുക എന്നദ്ദേശ്യത്തോടെ പ്രവർത്തി ക്കുന്നു. പരിസ്ഥിതി ദിനം ആചരിച്ചു . സ്കൂൾ പരിസരത്ത് പച്ചക്കറിത്തൈകൾ വെച്ചു പിടിപ്പിക്കുകയും അതിനെ പരിപാലി ക്കുകയും ചെയ്യുന്നു. ശ്രീമതി സിനു സൂസൻ തോമസ് ശ്രീമതി ഡോളി ഇ.എം എന്നിവർ കൺവീനർമാരായി പ്രവർത്തിക്കുന്നു**

## വിനോദയാത്ര

ഈ വർഷം എൽ.പി, യു.പി
ഹൈസ്കൂൾ തലങ്ങളിലായി വിവിധ പഠന വിനോദയാത്രകൾ

കമീകരിച്ചു കൂടാതെ ടൂറും ക്രമീകരിക്കുകയും ഉണ്ടായി.ശ്രീമതി റോബി കെ തോപ്പിൽ ശ്രീമതി ബീനാ വറുഗീസ് . എന്നിവർ കൺവീനർമാരായി പ്രവർത്തിക്കുന്നു

## Innovative Award

കഴിഞ്ഞ വർഷത്തെ ബ്ലോക്ക് – ജില്ലാതല
innovative award ന് നമ്മുടെ സ്കൂൾ അർഹമായി.
അഭിനന്ദനാർഹമായ നേട്ടം കൈവരിക്കാൻ സഹായിച്ച ഏവരോടുമുള്ള നന്ദി അറിയിക്കുന്നു.

## മെറിറ്റ് ഡേ

സബ്ജില്ലാ – ജില്ല – സംസ്ഥാനതല വിജയികളെ ആദരിക്കുന്നതിനായി മെരിറ്റ് ഡേ കമികരിക്കുകയും വിജയികളായാവരെ മെഡൽ നല്കി ആദരി കുകയും ചെയ്തു

## മറ്റുപ്രവർത്തനങ്ങൾ.

പാഠ്യപാഠ്യേതരപ്രവർത്തനങ്ങടൊപ്പം തന്നെ സാമൂഹിക പ്രതിബദ്ധരായുള്ളവരായിപുതു തലമുറയെ വാർത്തെടുക്കുക  എന്ന ഉദ്ദേശ്യത്തോടെയുള്ള നിരവധി പ്രവർത്തനങ്ങളും നടന്നു വരുന്നു.
കളങ്കമില്ലാത്ത സ്നേഹത്തെ പൊതിയാക്കി മാറ്റി  അപരൻ്റെ വിശപ്പിനെ അകറ്റാൻ സഹായിക്കുന്ന 'കനിവ്'' എന്നപദ്ധതി അതിനൊരു ഉദാഹരണമാണ് അതുപോലെ തന്നെ ഭിന്നശേഷിക്കാരായ കൂട്ടുകാരെ അവരുടെ ഭവനങ്ങളിൽ പോയി സന്ദർശിക്കുകയും അവരോടൊപ്പം
സമയം ചെലവഴിക്കുകയും ചെയ്യുന്ന സ്നേഹസ്പർശം എന്ന പ്രോഗ്രാം കുട്ടികളിൽ മാനവികത വളർത്താൻ സഹായിക്കുന്നു. ഓരോ ക്ലാസ് റൂമിലും ഓരോ ചാരിറ്റി ബോക്സ് ക്രമീകരിക്കുകയും അതിലൂടെ ലഭിക്കുന്ന കളക്ഷൻ സാമ്പത്തികസഹായം ആവശ്യമുള്ള സഹപാഠികൾക്ക് നല്കുകയും ചെയ്യുന്നു. കൂടാതെ One day collection നിലൂടെ  ലഭിച്ച തുക ഭവനമില്ലാത്ത 2 കുട്ടികൾക്ക് നല്കാൻ കഴിഞ്ഞ  ഒരു വലിയ കാര്യമാണ്

കുട്ടികളെയും മാതാപിതാക്കളിൽ ആരെങ്കിലും ഒരാളെയും ഉൾപ്പെടുത്തി ഓണത്തോടനുബന്ധിച്ച് രുചിപ്പെരുമ എന്ന പേരിൽ പാചകമത്സരം  ക്രമീകരിക്കുകയും പാചകരാജ, പാചകറാണി സമ്മാനങ്ങൾ  നൽകുകയും ചെയ്തു അതോടൊപ്പം തന്നെ കാലാകാലങ്ങളിൽ ആവശ്യമായ നിർമ്മാണപ്രവർത്ത നങ്ങളും നടന്നുകൊണ്ടിരിക്കുന്നു. സ്കൂൾ ഗ്രൗണ്ടിൽ ഒരു വശത്തായി കുട്ടികൾക്ക് ഇരുന്ന് കളി കാണാനുള്ള ഒരു പവലിയൻ നിർമ്മിക്കുകയുണ്ടായി . കൂടാതെ ഗ്രൗണ്ടിൻ്റെ നിർമ്മാണവും പുരോഗമിച്ചുകൊണ്ടിരിക്കുന്നു .സ്കൂളും പരിസരവും മനോഹരമായി സൂക്ഷിക്കാനാവശ്യമായ പ്രവർത്തനങ്ങളും ചെയ്തു വരുന്നു.

## സ്കൂൾ വാർഷികം

ഈ  അധ്യയനവർഷത്തെ സ്കൂൾ വാർഷികവും ഈ വർഷം  സജീവസേവനത്തിൽ നിന്നും വിരമിക്കുന്ന അധ്യാപികമാരായ ശ്രീമതി. എലിസബത്ത് ജസ്സി. സി. ഇട്ടി  ശ്രീമതി ജെസ്സി വർഗീസ് എന്നിവർക്കുള്ള യാത്രയയപ്പ് 2024 ഫെബ്രുവരി 24–ാം തീയതി നടത്തി.

## കൃതജ്ഞത

സ്കൂളിൻ്റെ വളർച്ചയ്ക്ക് മധ്യകേരള ഡയോസിസ് ബിഷപ്പ് റൈറ്റ് റവ ഡോ മലയിൽ സാബു കോശി ചെറിയാൻ, കോർപ്പറേറ്റ് മാനേജർ റവ സുമോദ് സി. ചെറിയാൻ, ലോക്കൽ കറസ്പോണ്ടൻ്റ് റവ ജോൺസൻ അലക്സാണ്ടർ എന്നിവർ നല്കുന്ന പിന്തുണ നിസീമമാണ അവരോടുള്ള കൃതജ്ഞതത ഈ അവസരം അറിയിക്കുന്നു. – സ്കൂൾ അഡ്വൈസറി ബോർഡ്, ചർച്ച് കമ്മറ്റി, PTA, MPTA, പൂർവ്വ അധ്യാപകർ വിദ്യാർത്ഥികളും ഒവരോടും നന്ദി അറിയിക്കുന്നു.

സ്കൂളിൻ്റെ വളർച്ചയിൽ പ്രത്യക്ഷമായും പരോ. കമായും സഹായിക്കുന്ന ഏവർക്കും ഹൃദയപൂർവം നന്ദി അറിയിക്കുന്നു.

സ്തുത്യർഹമായ സേവനത്തിൽ നിന്നും വിരമിക്കുന്ന ശ്രീമതി എലിസബത്ത് ജസ്സി സ്ിിഇടി, ശ്രീമതി ജസ്സി വർഗിസ് എന്നിവരോടുള്ള നന്ദിയും അറിയിക്കുന്നു . തുടർ ജീവിതം ഏറ്റവും സന്തോഷകര മാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അതോടൊപ്പം ഈ വർഷം SSLC പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർഥികൾക്കും ഉന്നതമായ വിജയം ആശംസിക്കുന്നു.

## ഉപസംഹാരം

ഒരു അധ്യയനവർഷം കൂടി പിന്നിടു മ്പോൾ 157 വർഷം സ്കൂളായി നിലനില്ക്കുവാൻ കഴിഞ്ഞത്, ദൈവകൃപ് ഒന്നുകൊണ്ട് മാത്രമാണ് വർഷവും നേരിടുന്ന പ്രതിസന്ധികൾ വ്യത്യസ്തമാണ് എന്നാൽ ഏതു പ്രതിസന്ധിയെയും അതിജീവിക്കാനുള്ള മനക്കരുത്ത് ദൈവം മനുഷ്യന് നല്കിയിട്ടുണ്ട്. ഇനിയും അനേകപടവുകൾ നമുക്ക് മുന്നേറാ നുണ്ട് ആ യാത്രയിൽ ദൈവാനുഗ്രഹങ്ങൾക്കായിപ്രാർത്ഥിച്ചു കൊണ്ട് ലഭിച്ച നന്മകൾക്കായി നന്ദി അർപ്പിച്ചു കൊണ്ടും ഈ വാർഷിക റിപ്പോർട്ട് ഉപസംഹരിക്കുന്നു.

ലിറ്റിൽ കൈറ്റ്സ്...

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും യാഥാർഥ്യമായിരിക്കുകയാണ്. ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി " ഹായ് സ്കൂൾ കുട്ടിക്കൂട്ടം " എന്ന പേരിൽ കുട്ടികളുടെ ഒരു കൂട്ടായ്മ എല്ലാ ഹൈസ്കൂളുകളിലും പ്രവർത്തിച്ചിരുന്നു. എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്, ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവയെ സംയോജിപ്പിച്ച കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു.പൂർണ്ണനാമം:കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ.പൊതുവിദ്യാഭ്യാസ വകുപ്പിനു കിഴിലെ ആദ്യത്തെ സർക്കാർ കമ്പനിയാണിത്.

പ്രധാന ആളുകൾ

വി.ശിവൻകുട്ടി( പൊതുവിദ്യാഭ്യാസ മന്ത്രി )എപിഎം മുഹമ്മദ് ഹനീഷ്

കെ. അൻവർ സാദത്ത്
( സിഇഒ )

ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് തുടങ്ങിയ 5 മേഖലകളിൽ വിദ്യാർത്ഥികൾക്ക് തീവ്രമായ പരിശീലനം നൽകിവരുന്നുമുണ്ട്







KNOWLEDGE
INNOVATION
TECHNOLOGY

# freedom fest 2023

12-13 AUG, THIRUVANANTHAPURAM











# പ്രകൃതി നൽകുമൊരു തുണ

പാതി ചാരിയ വാതിലിലൂടെ
പുലരിയിൽ വെളിച്ചം തൂകുന്നുവോ
ആരും കടക്കാത്ത എന്നുടെ വാതിലിൽ
ആഗതമായോ നീ എനിക്ക് വേണ്ടി
ഏകാന്തമാം എന്നുടെ മനസ്സിൽ
ഏതൊന്നും കൂടെ ചേരുന്നീലെയോ
ആരും ഇല്ലെന്നുതോന്നിയ ആ നിമിഷം
അരികെ നീ എത്തിയോ പോൻ വെളിച്ചമേ
പറയാതെ വന്നു നീ എന്നുടെ ചുറ്റും
പുലരിയിൽ രശ്മികൾ എങ്ങുമെന്നിൽ
എൻ മിഴികൾ ചെന്നെത്താദൂരത്തിൽ
എന്നെ നീ കൂട്ടികൊണ്ട് പോകുന്നുവോ
ആരും കടക്കാത്ത വാതിലിൽ എത്തി
ആരും പോകാത്ത ലോകം എന്നെ നീ കാട്ടി
അതെന്നിൽ ഉണർത്തി സൽചിന്തകൾ
അവർണ്ണനീയം എന്നിലെ നിർവൃതി

**Sona Anna Santhosh**
**STD IX A**



## മയക്കുമരുന്ന് മനസ്സിലാക്കുക ഇഫക്റ്റുകളും പരിഹാരങ്ങളും

ഔഷധവും വിനോദവുമായ ആവശ്യങ്ങൾക്കായി സേവിക്കുന്ന മരുന്നുകൾ നൂറ്റാണ്ടുകളായി മനുഷ്യ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണ് എന്നിരുന്നാലും മയക്കുമരുന്നുകളുടെ ഉപയോഗവും ദുരുപയോഗവും സങ്കീർണ്ണമായ സാമൂഹികവും ആരോഗ്യപരവും നിയമപരവുമായ പ്രശ്നങ്ങളിലേക്ക് നയിച്ചു

മയക്കുമരുന്ന് ഉപയോഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വശങ്ങളിലൊന്നാണ് ആരോഗ്യപരമായ പ്രത്യാഘാതങ്ങൾ മെഡിക്കൽ മേൽനോട്ടത്തിൽ ഉപയോഗിക്കുമ്പോൾ ചില മരുന്നുകൾക്ക് ചികിത്സാ ഗുണങ്ങളുണ്ടെങ്കിലും മറ്റു പലതും ഗുരുതരമായ ആരോഗ്യ അപകടങ്ങൾ ഉണ്ടാക്കുന്നു മരുന്നുകളുടെ നീണ്ടുനിൽക്കുന്ന ഉപയോഗം ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങൾക്കും ആസക്തിയിലേക്കും അമിതമായി കഴിച്ചാൽ മരണത്തിലേക്കും നയിച്ചേക്കാം

മയക്കുമരുന്ന് ദുരുപയോഗം തടയുന്നതിനും വ്യക്തികൾക്കിടയിൽ പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ അപകടകരമായ പെരുമാറ്റങ്ങൾ കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുള്ള വിദ്യാഭ്യാസവും പൊതുബോധവൽക്കരണ കാമ്പെയ്നുകളും മയക്കുമരുന്ന് ദുരുപയോഗത്തിനെതിരായ ഏതൊരു സമഗ്രമായ സമീപനത്തിന്റെയും അനിവാര്യ ഘടകങ്ങളാണ് പ്രതിരോധവും ചികിത്സയും ആസക്തിയെ മറികടക്കാനും അവരുടെ ജീവിതത്തിന്റെ നിയന്ത്രണം വീണ്ടെടുക്കാനും സഹായിക്കുന്നതിനുള്ള ചികിത്സാ പരിപാടികൾ പലപ്പോഴും പിന്തുണയ്ക്കുകയും ഇടപെടുകയും ചെയ്യുക

Reyna Achu Roy
9A



# മഴ




നോവെഴുതിയ
മഴയേ....
എത്ര നീ വേദന
തന്നുവെന്നാലും
പ്രണയിച്ചു
പോയില്ലെ നിന്നെ
ഞാൻ മഴയേ....
പ്രണയിച്ചിടും ഞാൻ
ഇനിയുള്ള കാലവും
നിൻ മഴത്തുള്ളി
കിലുക്കമാണിപ്പഴും
എൻ ഇടനെഞ്ചിൻ
ഹൃദയതാളം



യോഹാൻ കെ. ചെറിയാൻ

## കടങ്കഥകൾ

1 സൂചിക്കാലിൽ വട്ടം തിരിയും,മൊട്ടത്തലയൻ കുട്ടപ്പൻ.
പമ്പരം
2. സദ്യക്ക മുൻപിൽ ഇലയ്ക്ക പിൻപൻ
കറിവേപ്പില
3. വേലിപ്പൊത്തിൽ വൈരക്കല്ല്.
മിന്നാമിനുങ്ങ്
4. വെള്ളവും വേണ്ട വറ്റും വേണ്ട വായു മാത്രം ഭക്ഷണം
ബലൂൺ
5. മുറ്റത്തൊരമ്മ കുട ചൂടി നിൽക്കുന്നു
കൂൺ
6 മുക്കണ്ണൻ ചന്തയ്ക്ക പോയി
തേങ്ങ
7. പൊക്കിളിൽ തൊട്ടാൽ മിഴിതുറക്കും
ടോർച്ച്



Adarsh S
9B

# ക്വിസ്

**1. ഏറ്റവും കൂടുതൽ വലിച്ചു നീട്ടാവുന്ന ലോഹം?**

ഉ; സ്വർണ്ണം

**2. മനുഷ്യ ശരീരത്തിൽ ഏറ്റവും ഉറപ്പുള്ള ഭാഗം?**

ഉ; പല്ലിൻെറ ഇനാമല്

**3. നഖം ഉണ്ടെങ്കിലും വിരൽ ഇല്ലാത്ത മൃഗം?**

ഉ; ആന

**4. കേരളത്തിൽ ഏറ്റവും കൂടുതൽ നെല്ല് ഉല്പാദിപ്പിക്കുന്ന ജില്ല?**

ഉ; പാലക്കാട്

**5. കേരളത്തിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ജില്ല?**

ഉ; കണ്ണൂർ

**6. നോബൽ സമ്മാനം ലഭിച്ച എത്രാമത്തെ ഇന്ത്യക്കാരനാണ് സി.വി രാമൻ?**

ഉ; 2ാമത്തെ



ദിയ ഷിനു
8 A

# വയലിൻ--ചരിത്രം

ഗ്രീസിലെ ലയർ പോലെയുള്ള കമ്പിവാദ്യങ്ങൾ കമ്പി വലിച്ചുവിട്ടു വായിക്കുന്നവയാണ്. വില്ലുരൂപത്തിലുള്ള വാദ്യോപകരണങ്ങൾ മധ്യേഷ്യയിലെ അശ്വാരൂഢസസ്കാരത്തിൽ നിന്നും ഉത്ഭവിച്ചതാണ്. ഇതിനൊരു ഉദാഹരണമാണു തംബൂർ. ഇതു ആധുനിക ഉസ്ബെക്കിസ്ഥാൻ അല്ലെങ്കിൽ കോബിസ് ഒരു പ്രാചീന ടർക്കിയിലേയോ കസാക്കിലേയോ വദ്യോപകരണം അല്ലെങ്കിൽ മംഗോളിയായിലെ മോറിൻ ഹൂർ: ടർക്കിയിലേയോ മംഗോളിയായിലേയോ അശ്വാരൂഢരായിരിക്കാം ഒരുപക്ഷെ

ലോകത്തെ ആദ്യത്തെ
തിരിച്ചുപിടിക്കുന്ന
നിർമ്മിച്ചിരിക്കുന്നത്.
വില്ലുകൊണ്ടും. ഇതിന്റെ
നമ്മൾ
സെല്ലോകളും
നാടോടികളുടെ

ഈ
ഇന്ത്യയിലേയ്ക്കും
മധ്യപൂർവദേശങ്ങളിലേയ്
റിബാബ്(മധ്യപൂർവദേശ
രൂപങ്ങളിൽ വിവിധ
വയലിൻ ഉൽഭവിച്ചത്
മധ്യപൂർവദേശത്തിനു
ഇറ്റലിയിലെ
വാണിജ്യബന്ധമുണ്ടായിരുന്നു.



ഫിഡിൽ വായനക്കാർ. അവരുടെ രണ്ടു കമ്പികളുള്ള ഫിഡിലുകളുടെ കമ്പികൾ കുതിര വാലുപയോഗിച്ചാണ് അവ വായിക്കുന്നതോ, കുതിരരോമം കൊണ്ടുള്ള തലഭാഗത്ത് കുതിരയുടെ തല കൊത്തിവച്ചിട്ടുമുണ്ടാവും. ഇന്നു വായിക്കാനുപയോഗിക്കുന്ന വയലിനുകളും വയോളകളും വായിക്കുന്നതിനുള്ള വില്ല് നിർമ്മിച്ചിരിക്കുന്നത് അന്നത്തെ പൈതൃകമായ കുതിരരോമം കൊണ്ടു തന്നെയാണ്.

വാദ്യോപകരണങ്ങൾ ഒടുവിൽ, ചൈനയിലേയ്ക്കും ബൈസാന്റൈൻ സാമ്രാജ്യത്തിലേയ്ക്കും ക്കും പടരുകയാണുണ്ടായത്. അവിടെ അവ എർതു(ചൈന) ം) ലൈറ(ബൈസാന്റിയം) ഇസ്രാജ് (ഇന്ത്യ) എന്നീ സ്ഥലങ്ങളിൽ ഉപയോഗിച്ചുവരുന്നു. ഇന്ന്ത്തെ രൂപത്തിൽ 16മ് നൂറ്റാണ്ടിലെ വടക്കൻ ഇറ്റലിയിലായിരുന്നു. സിൽക്ക് റൂട്ട് (പട്ടുപാത) എന്നറിയപ്പെടുന്ന പാത വഴി തുറമുഖങ്ങളായ വെനീസ്, ജെനോവ എന്നിവിടങ്ങളുമായി

ആധുനിക യൂറോപ്യൻ വയലിനു മധ്യപൂർവദേശത്തെയും ബൈസാന്റിയം സാമ്രാജ്യത്തിലേയും പല വാദ്യോപകരണങ്ങളുമായും ബന്ധമുണ്ടായിരുന്നു.  ആദ്യ വയലിൻ നിർമാതാക്കൾ ഇന്നത്തെ മൂന്നുതരം വാദ്യോപകരണങ്ങളിൽ നിന്നും കടം കൊണ്ടിട്ടുണ്ടെന്നു കാണാം

LIVIYA ANNA VARKEY
9A



# ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ്


മനുഷ്യരുടെ ബുദ്ധിയിൽ നിന്നു വ്യത്യസ്തമായി യന്തങ്ങളുടെ ബുദ്ധിയാണ് ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ്. ബുദ്ധിശക്തിയുള്ള യന്തങ്ങളെ വികസിപ്പിക്കുകയയും പഠിക്കുകയും ചെയ്യുന്നത് കബ്യൂട്ടർ സയൻസിലെ ഒരു പഠന മേഖലയാണിത്. അത്തരം യന്തറങ്ങളെ എ ഐ എന്നു വിളിക്കാം

വ്യവസായമേഖല,ആരോഗ്യമേഖല , ശാസ്ത്റ മേഖല എന്നിവയിലൂടനീളം എഐ സാങ്കേതികവിദ്യ വ്യാപകമായി ഉപയോഗിക്കുന്നു . വിപുലമായ വെബ് സെർച്ച് എഞ്ജിനുകൾ ശുപാർശ സംവിധാനങ്ങൾ ഭാഷകെള പരിവർത്തനം ചെയ്യുവാനുള്ള സംവിധാക്കുന്ന എഐ ക്ക് ഇന്നു സാധിക്കും.




മെഷീൻ ഇൻ്റലിജൻസ് എന്നു വിളിക്കുന്ന മേഖലയിൽ കാര്യമായ ഗവേഷണം നടത്തിയ ആദ്യത്തെ വ്യക്തിയാണ് അലൻ ട്യൂറിംഗ്.എഐ 1956ൽ ഒരു അക്കാദമിക് വിഭാഗമായി സ്ഥാപിതമായി. 2020കളുടെ തുടക്കത്തിൽ എഐ സാങ്കേതികവിദ്യയുടെ മുൻപന്തിയിലെത്തി.യുക്കെ ആസ്ഥാനമായുള്ള കമ്ബനികളും സർവകലാശാലകളും ലബൊറാട്ടറികളും എഐയുടെ പുരോഗമനത്തിൽ കാര്യമായ പുരോഗതി കൈവരിച്ചു.

എഐഗവേഷണത്തിൻ്റെ വിവിധ ഉപേമഖലകൾ പ്രത്യക ഉപകരണങ്ങളുടെ ഉപയോഗത്തെയും കേന്ദ്രീകരിച്ചാണ്. എഐ ഗവേഷണത്തിൻ്റെ പരബരാഗത ലക്ഷ്യങ്ങളിൽ യുക്തിവാദം,വിജ്ഞാന പ്രാതിനിധ്യം, ആസൂത്രണം, പഠനം, റോബോട്ടിക്സിനുള്ള പിന്തുണ എന്നിവ ഉൾപ്പെടുന്നു. ജനറൽ ഇൻ്റലിജൻസ് ഈമേഖലയുടെ ദീർഘകാല ലക്ഷ്യങ്ങളിൽ ഒന്നാണ്.



Dane B George
9A

കഥ

## "ക്ലാരയുടെ സ്വർഗ്ഗീയ സ്വരങ്ങൾ"

പണ്ട്, കുന്നുകൾക്കിടയിലുള്ള മനോഹരമായ ഒരു ചെറിയ പട്ടണത്തിൽ, ജേയ്സൺ, മരിയ എന്ന ദമ്പതികൾ താമസിച്ചിരുന്നു. അവർ സന്തോഷത്തോടെ ജീവിച്ചു പോകുന്നു. ഒരു തലമുറയ്ക്കായി അവർ എപ്പോഴും സ്വപ്നം കണ്ടു. ഒടുവിൽ, മരിയ സുന്ദരിയായ ഒരു പെൺകുഞ്ഞിന് ജന്മം നൽകിയപ്പോൾ അവരുടെ സ്വപ്നം സാക്ഷാത്കരിച്ചു, അവർക്ക് അവർ ക്ലാര എന്ന് പേരിട്ടു.എന്നിരുന്നാലും, ക്ലാരയ്ക്ക് സംസാരിക്കാൻ കഴിയില്ലെന്ന് അവർ മനസ്സിലാക്കിയപ്പോൾ അവരുടെ സന്തോഷം ഉടൻ ആശങ്കയായി മാറി. അവളുടെ നിശ്ശബ്ദതയുടെ ശാരീരിക കാരണം കണ്ടെത്താൻ ഡോക്ടർമാർക്കു പോലും കഴിഞ്ഞില്ല. ജെയ്സണും മരിയയും നിസ്സഹായരും ഹൃദയം തകർന്നവരുമായി. ആംഗ്യഭാഷയിലൂടെയും മറ്റ് രീതികളിലൂടെയും ക്ലാരയുമായി ആശയവിനിമയം നടത്താൻ അവർ ശ്രമിച്ചിട്ടും ക്ലാര നിശബ്ദത പാലിച്ചു.

ഒരു ദിവസം, ഹൃദയം തകർന്ന്, മരിയ തൻ്റെ മകളുടെ ശബ്ദം കേൾക്കാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. അവൾ പ്രാർത്ഥനയിൽ തൻ്റെ ഹൃദയം പകർന്നു, ഒരു അത്ഭുതം ആവശ്യപ്പെട്ടു. അവൾ അറിഞ്ഞില്ല, ക്ലാര അത് ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ഒരു സായാഹ്നത്തിൽ ജെയ്സണും മരിയയും അവരുടെ പൂന്തോട്ടത്തിൽ ക്ലാരയോടൊപ്പം ഇരിക്കുമ്പോൾ, മരിയ ക്ലാരയ്ക്ക് ഒരു താരാട്ട് പാടികൊടുത്തു. അത്ഭുതകരമായ എന്തോ സംഭവിച്ചു. ഇതുവരെ ഒന്നും മിണ്ടാതിരുന്ന ക്ലാര, അവളുടെ മാതാപിതാക്കളെ കണ്ണീരിലാഴ്ത്തുന്ന തരത്തിൽ ശുദ്ധവും മാലാഖമാരുടേതു പോലെയുമുള്ള സ്വരത്തിൽ പാടാൻ തുടങ്ങി. അവരുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചതുപോലെ, ക്ലാരയുടെ ശബ്ദം മുകളിൽ നിന്നുള്ള സമ്മാനമായിരുന്നു.

ക്ലാര വളർന്നപ്പോൾ, സംഗീതത്തോടുള്ള അവളുടെ ഇഷ്ടം അവളുടെ പ്രാർത്ഥനയോടൊപ്പവും ഇഴചേർന്നു. ഓരോ താളത്തിലും തന്നേക്കാൾ മഹത്തായ എന്തോ ഒരു ബന്ധം അനുഭവിച്ചറിയുന്ന ഈണങ്ങളിൽ അവൾ ആശ്വാസവും സമാധാനവും കണ്ടെത്തി. അവളുടെ കുടുംബം നേരിട്ട സാമ്പത്തിക വെല്ലുവിളികൾക്കിടയിലും ക്ലാരയുടെ വിശ്വാസം ഉറച്ചുനിന്നു.

ഒരു ദിവസം, തൻ്റെ മുറിയിൽ ഒറ്റയ്ക്ക് സംഗീതം അഭ്യസിച്ചുകൊണ്ടിരിക്കുമ്പോൾ, ക്ലാര തനിക്കു ചുറ്റും ഒരു ദൈവിക സാന്നിധ്യം അനുഭവിച്ചു. ആ നിമിഷം, സംഗീതം എന്ന സമ്മാനം തനിക്കുവേണ്ടി മാത്രമല്ല, മറ്റുള്ളവർക്ക് സ്നേഹവും വെളിച്ചവും പകരാനുള്ള ഒരു മാർഗമാണെന്ന് അവൾ മനസ്സിലാക്കി. ഒരു പുതിയ നിശ്ചയദാർഢ്യത്തോടെ, ക്ലാര തൻ്റെ സംഗീതം ലോകവുമായി പങ്കിടാൻ തുടങ്ങി. പ്രാദേശിക പള്ളികളിലും കമ്മ്യൂണിറ്റി പരിപാടികളിലും ആശുപത്രികളിൽ പോലും അവളുടെ സംഗീതശ്രുതികൾ മുഴങ്ങി. രോഗികൾക്കും പീഡിതർക്കും സാന്ത്വനമേകുന്ന അവളുടെ സംഗീതം, അനേകർക്ക് പ്രതീക്ഷയുടെ വെളിച്ചമായി. അവളുടെ കുട്ടിക്കാലത്ത് സംസാരശേഷി ഇല്ലാതിരുന്നത്, ഒരു പരിമിതിയല്ല, മറിച്ച് ദൈവിക പദ്ധതിയായിരുന്നു എന്ന് ക്ലാര തൻ്റെ യാത്രയിലൂടെ മനസ്സിലാക്കി. അവളുടെ മൗനത്തിലൂടെയാണ് അവളുടെ യഥാർത്ഥ ശബ്ദം, സംഗീതത്തിൻ്റെയും പ്രാർത്ഥനയുടെയും ഭാഷയിലൂടെ സംസാരിക്കുന്ന ശബ്ദം, അവൾ കണ്ടെത്തിയത്.

സ്വന്തം യാത്രയിൽ നിന്നും, സംഗീതത്തിൻ്റെ പരിവർത്തന ശക്തിയിൽ നിന്നും, പ്രചോദനം ഉൾക്കൊണ്ട്, ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ഒരു സംഗീത സ്കൂൾ

സ്ഥാപിക്കുവാൻ ക്ലാര തീരുമാനിച്ചു. സമൂഹത്തിൻ്റെ പിന്തുണയും കുടുംബത്തിൻ്റെ സ്നേഹവും കൂടിയതോടെ ക്ലാരയുടെ സ്വപ്നം യാഥാർത്ഥ്യമായി.

ശാന്തമായ ഗ്രാമപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ആ സ്കൂൾ, എല്ലാ കഴിവുകളും പശ്ചാത്തലത്തിലുമുള്ള കുട്ടികളെ സ്വാഗതം ചെയ്തു. ക്ലാരയും അവളുടെ സമർപ്പണബോധമുള്ള ഇൻസ്ട്രക്ടർമാരുടെ ടീമും, ഓരോ വിദ്യാർത്ഥിയുടെയും തനതായ ആവശ്യങ്ങൾക്കായി അവരുടെ സമീപനം രൂപപ്പെടുത്തി, അവരുടെ കഴിവുകളും സ്വപ്നങ്ങളും പൂവണിയുന്ന, മനോഹരമായ ഒരു

അന്തരീക്ഷം അവിടെ സൃഷ്ടിച്ചു. വർഷങ്ങൾ കടന്നുപോയി, ക്ലാരയുടെ സംഗീത സ്കൂൾ അതിൻ്റെ ധാർമ്മികതയ്ക്കും ശ്രദ്ധേയമായ ആശയങ്ങൾക്കും പ്രശസ്തമായി. ഒരിക്കൽ പരിഹസിക്കപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്ത കുട്ടികൾ, ക്ലാരയെപ്പോലെ സംഗീതത്തിലൂടെ ആശ്വാസവും ആത്മപ്രകാശനവും കണ്ടെത്തി. മറ്റുള്ളവരുടെ ശബ്ദം കണ്ടെത്താൻ സഹായിക്കുന്നതിൻ്റെ സന്തോഷത്തിനിടയിൽ, ക്ലാരയുടെ വ്യക്തിജീവിതവും പൂവണിഞ്ഞു. സംഗീതത്തോടുള്ള തൻ്റെ അഭിനിവേശവും മറ്റുള്ളവരോടുള്ള അനുകമ്പയും പങ്കുവെക്കുന്ന ഒരു നല്ല വ്യക്തിയെ തന്നെ അവളുടെ മാതാപിതാക്കൾ അവൾക്ക് വിവാഹം കഴിച്ചുകൊടുത്തു. സ്നേഹവും ചിരിയും പങ്കിട്ട,ആനന്ദകരമായ ഒരു ജീവിതം അവർ ഒരുമിച്ച്

പണിതുയർത്തു. മകളുടെ നേട്ടങ്ങളിൽ അഭിമാനം കൊണ്ട ക്ലാരയുടെ മാതാപിതാക്കൾ, ഒരിക്കൽ നിശ്ശബ്ദയായിരുന്ന തങ്ങളുടെ കുട്ടി, ഇന്ന് പലർക്കും വഴികാട്ടിയായി മാറിയത് നന്ദി തുളുമ്പുന്ന കണ്ണീരോടെ ഓർത്തു. സ്നേഹത്തിൻ്റെയും സഹിഷ്ണുതയുടെയും ശക്തിയുടെ സാക്ഷ്യപത്രമായ അവരുടെ വീട്, ഈണങ്ങളാലും പ്രാർത്ഥനകളാലും പ്രതിധ്വനിച്ചു. സംഗീതത്തിൻ്റെയും സമൂഹത്തിൻ്റെയും സന്തോഷത്തിൽ, ക്ലാര അളവിനപ്പുറം അവളുടെ ആഗ്രഹങ്ങൾക്ക് നിവൃത്തി കണ്ടെത്തി. നിശബ്ദതയിൽ നിന്ന് സംഗീതത്തിൻ്റെ ലോകത്തിലേക്കുള്ള അവളുടെ യാത്ര, അവളുടെ ജീവിതത്തെ സമ്പന്നമാക്കുക മാത്രമല്ല, എണ്ണമറ്റ ഹൃദയങ്ങളെ സ്പർശിക്കുകയും ചെയ്തു.

സംഗീതത്തിൻ്റെ പരിവർത്തന ശക്തിയുടെ തെളിവായിരുന്നു ക്ലാരയുടെ ജീവിതം. അവളുടെ ഈണങ്ങൾ സ്നേഹമായും പ്രചോദനമായും ലോകമെമ്പാടും വ്യാപിച്ചു. അവളുടെ മാധുര്യമേറിയ ശബ്ദം, സംഗീതത്തിലൂടെ നമുക്ക് ബന്ധവും സൗഖ്യവും ശാശ്വതമായ ഐക്യവും കണ്ടെത്താമെന്ന ഓർമ്മപ്പെടുത്തലായി വിരിഞ്ഞു.

റിയ തോമസ് IX A



# ചാറ്റ്ജിപിടി


ചാറ്റ്ജിപിടി എന്നത് AI സാങ്കേതികവിദ്യയാൽ നയിക്കപ്പെടുന്ന ഒരു സ്വാഭാവിക ഭാഷാ പ്രോസസ്സിംഗ് ഉപകരണമാണ്, അത് ചാറ്റ്ബോട്ടുമായി മനുഷ്യനെപ്പോലെയുള്ള സംഭാഷണങ്ങളും മറ്റും നടത്താൻ നിങ്ങളെ അനുവദിക്കുന്നു. ഭാഷാ മോഡലിന് ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും ഇമെയിലുകൾ, ഉപന്യാസങ്ങൾ, കോഡുകൾ എന്നിവ രചിക്കുന്നത് പോലുള്ള ജോലികളിൽ നിങ്ങളെ സഹായിക്കാനും കഴിയും. നിലവിൽ ഇത് പൊതുജനങ്ങൾക്ക് സൗജന്യമായി ഉപയോഗിക്കാൻ തുറന്നിരിക്കുന്നു. ചാറ്റ്ജിപിടി പ്ലസ് എന്ന പേരിൽ പണമടച്ചുള്ള സബ്സ്ക്രിപ്ഷൻ പതിപ്പ് ഫെബ്രുവരി ആദ്യം സമാരംഭിച്ചു. ലളിതമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് പുറമെ ChatGPT- ന് നിരവധി ഫംഗ്ഷനുകളുണ്ട്. ChatGPT-ന് ഉപന്യാസങ്ങൾ രചിക്കാനും കലയെ വിശദമായി വിവരിക്കാനും AI ആർട്ട് പ്രോംപ്റ്റുകൾ സൃഷ്ടിക്കാനും തത്ത്വചിന്താപരമായ സംഭാഷണങ്ങൾ നടത്താനും നിങ്ങൾക്കായി കോഡ് ചെയ്യാനും കഴിയും.ChatGPT ന് പ്രവർത്തിക്കുന്നത് OpenAI സൃഷ്ടിച്ച ജനറേറ്റീവ് പ്രീ-ട്രെയിൻഡ് ട്രാൻസ്ഫോർമർ (GPT) എന്ന ഭാഷാ മോഡൽ ആർക്കിടെക്ചറിലാണ്. OpenAI അനുസരിച്ച്, ChatGPT ഉപയോഗിക്കുന്ന നിർദ്ദിഷ്ട GPT, GPT-3.5 സീരീസിലെ ഒരു മോഡലിൽ നിന്ന് മികച്ചതാണ്. ഒരു പ്രതികരണം സൃഷ്ടിക്കുന്നതിന് പരിശീലന ഡാറ്റയിൽ നിന്ന് പഠിച്ച വിവരങ്ങൾ ഇത് ഉപയോഗിക്കുന്നു, ഇത് പിശകിന് ഇടം

ASHIK A
9A



# ചിന്താശകലം

ഒരിടത്ത് പ്രശസ്തനായ ഒരു സന്യാസി ഉണ്ടായിരുന്നു. ദൂര ദിക്കിൽ നിന്നും വരെ അദ്ദേഹത്തിന്റെ വചനങ്ങൾ കേൾക്കാനും അദ്ദേഹത്തിന് അനുഗ്രഹം തേടാനും ജനങ്ങൾ എത്താറുണ്ടായിരുന്നു. വരുന്നവരിൽ അധികം പേരും അദ്ദേഹത്തോട് ഒരേ കഷ്ടപ്പാടും സങ്കടങ്ങളും തന്നെയാണ് എന്നും ഉണർത്തിയിരുന്നത്. അദ്ദേഹം പറയുന്ന ആശ്വാസവചനങ്ങളും ഉപദേശങ്ങളും കേട്ടു തിരിച്ചു പോകുന്നവർ അടുത്ത തവണയും അതേ പരാതികളുമായി വീണ്ടും എത്തും.
അന്ന് തന്റെ  ചുറ്റും കൂടി ഇരുത്തുന്ന ആൾ കൂട്ടത്തോടെ സന്യാസി ഒരു തമാശ പറയും. ജനക്കൂട്ടം പൊട്ടിച്ചിരിച്ചു സന്യാസി തന്റെ പ്രഭാഷണം തുടർന്നു.
കുറച്ചുസമയത്തിനുശേഷം അദ്ദേഹം വീണ്ടും അതേ തമാശ തന്നെ പറഞ്ഞു. ഇത്തവണ ആൾക്കൂട്ടത്തിൽ നിന്ന് പഴയ പൊട്ടിച്ചിരി ഉണ്ടായില്ല. ചിലയാളുകൾ മാത്രം അത് കേട്ടു വീണ്ടും ചിരിച്ചു. സന്യാസി തന്റെ പ്രഭാഷണം തുടർന്നു. ഇടയ്ക്കു വീണ്ടും അദ്ദേഹം പഴയ തമാശ ആവർത്തിച്ചു. ഇപ്രാവശ്യം ആളുകൾ ആരും തന്നെ ചിരിച്ചില്ല എന്ന് മാത്രമല്ല അവർ സന്യാസിക്ക് ഇതെന്തുപറ്റി എന്ന് പരസ്പരം പറഞ്ഞു. ഇങ്ങനെ പതിവില്ലാത്തതാണല്ലോ? അവർ ചിന്തിച്ചു.
തന്റെ ചുറ്റും കൂടി ഇരിക്കുന്നവരുടെ  ഉള്ളിലെ  ചോദ്യം സന്യാസിക്ക് മനസ്സിലായി. അദ്ദേഹം അത് പ്രതീക്ഷിച്ചത് തന്നെയായിരുന്നു. ഒരു പുഞ്ചിരിയോടെ അദ്ദേഹം അവരോട് ചോദിച്ചു ഞാൻ പറഞ്ഞ തമാശ ഞാൻ ആവർത്തിച്ചപ്പോൾ നിങ്ങൾക്ക് ആർക്കും വീണ്ടും ചിരിക്കാൻ പറ്റാത്തത് എന്തുകൊണ്ടാണ്? വീണ്ടും കേൾക്കുമ്പോൾ അസഹനീയമായി തോന്നുന്നില്ലേ? എങ്കിൽ പിന്നെ എന്തുകൊണ്ടാണ് ഒരേ പ്രശ്നം തന്നെ ആവർത്തിച്ച് ആവർത്തിച്ച് നിങ്ങൾ കരഞ്ഞു കൊണ്ടേയിരിക്കുന്നത്? ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ ആണ് ശ്രമിക്കേണ്ടത്, അല്ലാതെ അവയെ കുറിച്ച് ആലോചിച്ച് ദുഃഖിച്ചു പരാതി പറഞ്ഞു കൊണ്ടിരുന്നാൽ അവ ഒരിക്കലും പരിഹരിക്കപ്പെടില്ല.



നേഹ കെ ചെറിയാൻ
8B

# എത്ര സുന്ദരം എന്റെ മലയാളം

എത്ര സുന്ദരം എത്ര സുന്ദരം
എന്റെ മലയാളം
മുത്തു പവിഴങ്ങൾ കോരുത്തൊരു
പൊന്നു നൂൽ പോലെ
മണ്ണിൽ വീണു കുരുത്തു നെന്മണി
വിത്തു മുള പൊട്ടി
മിന്നു മീരില വീശി ഇടുമ്പോൾ എത്ര ഈരടികൾ
മണ്ണിൽ വിയർപ്പ് വിതച്ചവർ തൻ
ഈണമായി വന്നു
അന്നു പാടിയ പാട്ടി ഊഞ്ഞാലാടി മലയാളം
കോഞ്ചലും കുറുമൊഴികളും പോയ കഥകൾ പലതോതി
നെഞ്ചേണപോരു ഗുരു വളർത്തിയ കിളിമകൾ പാടി ദൈവദൗത്യം
മനുഷ്യവർഗ്ഗ മഹാചരിത്രങ്ങൾ
തേൻകിനിയും വാക്കിൽ ലോതി വളർന്നു മലയാളം
എത്ര സുന്ദരം എത്ര സുന്ദരം എന്റെ മലയാളം
മുത്തു പവിഴങ്ങൾ കോ രുത്തൊരു സ്വർണം മാലിക പോൽ എത്ര സുന്ദരം
എത്ര സുന്ദരം എന്റെ മലയാളം

Shalyn Anna Suresh
8A



र्ग को पत्र:एक बच्चे की प्रार्थना और आश्चर्य

प्रिय प्रेमी भगवान,

मुझे आशा है कि यह पत्र बादलों और सितारों के ऊपर, आप तक पहुंच जाएगा, जहां आप प्यार और करुणा के साथ हमारी देखभाल करते हैं। मैं इस विशाल पृथ्वी पर सिर्फ एक छोटी लड़की हूं, लेकिन मुझे पता है कि आप हर प्रार्थना सुनते हैं, चाहे बड़ी हो या छोटी।

आज, मैं आशा से भरे हृदय और उत्तरों के लिए उत्सुक आत्मा के साथ आपके पास आया हूं। मुझे हमारे आसमान से परे की दुनिया के बारे में आश्चर्य होता है, वह स्थान जहां देवदूत नृत्य करते हैं और आत्माओं को शाश्वत शांति मिलती है। मैं इसकी कल्पना असीम सुंदरता और अनंत आनंद की जगह के रूप में करता हूं, जहां आपकी उपस्थिति सूरज से भी ज्यादा चमकती है।

स्वर्गीय पिता, मेरे पास आपके स्वर्गीय राज्य के बारे में बहुत सारे प्रश्न हैं। क्या पंखों के समान कोमल पंख वाले देवदूत हैं, जो ज्ञान की धीमी फुसफुसाहट के साथ हमारा मार्गदर्शन करते हैं? क्या वे स्तुति के ऐसे गीत गाते हैं जो सुनहरी सड़कों पर गूंजते हैं?

मैं स्वर्ग के रंगों, आसमान को रंगने वाले रंगों और बगीचों के बारे में सोचता हूं जहां शाश्वत वसंत में फूल खिलते हैं। क्या वहाँ हरे-भरे हरे-भरे खेत हैं, जहाँ बच्चे बेफिक्र होकर हँसते-खेलते हैं? और महासागरों का क्या, विशाल और गहरा, जहां अनुग्रह की लहरें सभी दुखों को दूर कर देती हैं?

लेकिन सबसे बढ़कर, प्रिय भगवान, मैं आपके बारे में पूछता हूं। क्या आप वहाँ हैं, माँ के आलिंगन जैसी दयालु आँखों से हमें देख रहे हैं? क्या आप हमारी प्रार्थनाएँ सुनते हैं, यहाँ तक कि उन मूक प्रार्थनाओं को भी जिन्हें हम ज़ोर से बोलने का साहस नहीं करते? और जब हमारी सांसारिक यात्रा समाप्त होगी, तो क्या आप खुली बांहों और प्यार से भरे दिल से हमारा घर में स्वागत करेंगे?

कृपया मेरी बचकानी जिज्ञासा को क्षमा करें, स्वर्गीय पिता, लेकिन मैं आपके दिव्य साम्राज्य के रहस्यों को समझने की इच्छा रखता हूँ। मैं मार्गदर्शन के लिए, अपने चारों ओर की दुनिया में स्वर्ग की झलक देखने की बुद्धि के लिए प्रार्थना करता हूं। और सबसे बढ़कर, मैं जीवन के उतार-चढ़ाव के माध्यम से मेरा मार्गदर्शन करने के लिए आपकी चिरस्थायी उपस्थिति के लिए प्रार्थना करता हूं, जब तक कि मैं आपके साथ स्वर्ग में शामिल न हो जाऊं।


विश्वास और प्रेम के साथ,
[आपकी प्यारी बेटी]

रिया तोमस 9 ए

## सच्चा मेल

प्रेम मिले तो जीवन है वरना एक रुखा खेल है । आपस में मिलना रूहों का देखो सच्चा मेल है । प्यार के बंधन में बंध जा आनंद तभी तो आएगा, वरना सारा जीवन लगता है मानो लम्बी जेल है । बिना सहारे देख जंमी पर ही मिट्टी बन जाएगी , आज अटारी पे लिपटी देखती जो सुंदर बेल है । आंधी तुफां से भी जो लड़ता है पूरी रिहत से, समझो उस जलते दिए में भरा प्रेम का तेल है । वो नारी पुरुष ही अच्छे हैं जो प्रेम सुधा बरसाते है, क्या फर्क पड़ेगा इससे मधुकर वो अगर दसवीं फेल है ।

अभिजित एस : Ix A




## The story of pi

It was mathematician William Shakes who calculated the value of pi which was to 707 places hut he made a mistake on the 528th digit and hence forth incorrectly calculating every digit after that pi is therefore not a fraction and this makes it fractional number which neither repeats not does it End when written as a decimal.



Reyna Achu Roy
9A

*One inspiration story from the life of the*
*<u>"Missile Man of India"</u>*

On 12th January 2008, Dr.A.P.J Abdul Kalam visited one school on the eve of the National Youth Day as well as the golden jubilee celebrations of Vidayala. Students from the neighbouring schools were also visited.He was welcomed with a March past performed by the school students were abusolutely beautiful. And then a stage program was followed. He spend his time with the students.He asked the students many questions. The students also asked questions and the answers given by Abdul Kalam are:

*How does Swami Vivekananda inspire you in your day to day life?*
*Dr.Kalam :* Swami Vivekananda said, My name should not be made prominent. It is my ideas that I want to be realized

*Did Budha really smiled after Pakhran test?How cannuclear arms help global peace?*
*Dr.Kalam :* Yes,peace smile.Strength respect strength

*What can school students do to meet the challenge of global warming?*
*Dr. Kalam :* Each one of you plant 5 plants and nurture. Work for conversion of waste into biomass and then to eneergy.
*A teacher,a president ,a best- selling author in which role Kalam was most successful?*
*Dr. Kalam :* It is my dream to be successful in teaching

*What according to you in the secret of success in life?*
*Dr. Kalam :* Success comes to people who dream, acquire knowledge, work hard and are not afraid of problems




Reyna Achu Roy
Class : 9A



Juvanitta Sara Raj
5A








Abhijith S
9A





SHREYA THOMAS
8B

LKG



C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024

UKG



C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024

STD I



C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024

STD II



C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024

STD III



C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024

STD IV



C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024




C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024




C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024




C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024

STD VI B



C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024

STD VII A



C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024

STD VII B



STD VIII A



C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024

STD VIII B



C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024

STD VIII C



C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024




C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024




C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024




C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024




C.M.S. HIGH SCHOOL MUNDIAPPALLY BATCH 2023-2024